# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1172

10.08.2017-ന് മറുപടിയ്ക്ക്

## സർക്കാർ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എ.എം. ആരിഫ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഒരു മണ്ഡലത്തിൽ ഒരു സർക്കാർ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിൽ എന്ന പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ ഏത് സ്കൂളിനെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ആയതിന്റെ പ്രോജക്ട് അംഗീകരിച്ച് എ.എസ്. നൽകിയിട്ടുണ്ടോ; നിർമ്മാണ നിർവ്വഹണം ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (എ) | 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ഒരു മണ്ഡലത്തിൽ നിന്നും ഒരു സർക്കാർ വിദ്യാലയം മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് അരൂർ നിയോജക മണ്ഡലത്തിലെ ചന്തിരൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിന് ഭരണാനുമതി നൽകുകയും അപ്രകാരം ടി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായത്തിനായി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തുന്നതാണ്. |
| (ബി) | രണ്ട് എൽ.പി.-യു.പി. സ്കൂളുകൾ ഒന്ന് എയ്ഡഡ്, ഒന്ന് സർക്കാർ എന്ന പ്രകാരം ഓരോ മണ്ഡലത്തിലും ഒരു കോടി രൂപ അനുവദിച്ച് നിലവാരം ഉയർത്തുന്ന പദ്ധതി പ്രഖ്യാപിച്ചതനുസരിച്ച് അരൂർ മണ്ഡലത്തിൽ നിന്നും അരൂർ എം.എൽ.എ. നിർദ്ദേശിച്ച മറ്റത്തിൽഭാഗം യു.പി. സ്കൂളിനെയും സെന്റ് ഫ്രാൻസിസ് എൽ.പി.എസ്. എരമല്ലൂരിനെയും ഉൾപ്പെടുത്തി | (ബി) | ഓരോ നിയോജക മണ്ഡലത്തിലും ഓരോ കോടി രൂപ അനുവദിച്ച് നിലവാരം ഉയർത്തുന്ന പദ്ധതി പ്രഖ്യാപിച്ചതനുസരിച്ച് അരൂർ മണ്ഡലത്തിൽ നിന്നും അരൂർ എം.എൽ.എ. നിർദ്ദേശിച്ച മറ്റത്തിൽ യു.പി.സ്കൂളിന്റെയും സെന്റ് ഫ്രാൻസിസ് എൽ.പി.എസ്. എരമല്ലൂരിന്റെയും മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

ഉത്തരവ് എന്തെങ്കിലും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ നൽകുമോ; ആയതിന്റെ തുടർ നടപടികൾ വിശദമാക്കാമോ;

(സി) 3 കോടി രൂപ വീതം നൽകി നിലവാരം ഉയർത്തുന്നതിന് പരിഗണിക്കുന്നതിനായി അരൂർ മണ്ഡലത്തിൽ നിന്നും തിരുനല്ലൂർ എച്ച്.എസ്.എസ്. നെയും പെരുമ്പളം എച്ച്.എസ്.എസ്. നെയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അരൂർ മണ്ഡലത്തിൽ നിന്നും തിരുനല്ലൂർ ഹയർ സെക്കന്ററി സ്കൂളിനെ 2017-18ലെ ബജറ്റ് പ്രസംഗത്തിലെ ലിസ്റ്റിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്തിട്ടുണ്ട്. പെരുമ്പളം എച്ച്.എസ്.എസ്. ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏതെങ്കിലും അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) തിരുനല്ലൂർ ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അംഗീകൃത ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഒരു മണ്ഡലത്തിൽ 50000 രൂപ എന്ന പ്രകാരം മുടക്കി 7 ജൈവ വൈവിധ്യ ഉദ്യാനങ്ങൾ അനുവദിക്കുമെന്ന പ്രഖ്യാപനത്തിന്റെ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആരെയാണ് നിർവ്വഹണം ഏല്പിച്ചിട്ടുള്ളത്; അരൂർ മണ്ഡലത്തിൽ നിന്ന് ഏതെല്ലാം വിദ്യാലയങ്ങളേയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവിടെ എന്നത്തേക്ക് പദ്ധതി നിർവ്വഹിക്കാനാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നു വ്യക്തമാക്കാമോ?

(ഇ) ജൈവ വൈവിധ്യ ഉദ്യാനങ്ങൾ സ്കൂളുകളിൽ എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും അപ്രകാരം 761 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായി 10,000/- രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അരൂർ നിയോജക മണ്ഡലത്തിൽ നിന്ന് ആദ്യഘട്ടത്തിൽ സ്കൂളുകളൊന്നും തെരഞ്ഞെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ